

# വികാരിയിൽ നിന്ന് ...

29-03-2019

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ വാത്സല്യം ഉള്ളവരെ,

ഒരു പുതിയ സാമ്പത്തികവർഷത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. സ്ഥാപനങ്ങളുടെയും ബിസിനസ് പ്രസ്ഥാനങ്ങളുടെയും ലാഭനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തുന്ന സന്ദർഭം. നമുക്കും ഒരു വിലയിരുത്തൽ, ഒരു വിശകലനം, ഒരു വിമർശനം അനിവാര്യമാണ്. കൂടുതൽ ഉണർവ്വോടെ, ഉത്സാഹത്തോടെ, പ്രതീക്ഷയോടെ മുന്നേറാനുള്ള സമയമാണ് നമ്മുടെ മുമ്പിലുള്ളത്. കഴിഞ്ഞ വർഷം കൊടുത്തുതീർക്കാനുള്ള സബ്സ്ക്രിബ്ഷൻ, ഇവാഞ്ചലിസ്റ്റ് ഫണ്ട്, വെൽഫെയർ ഫണ്ട് ആണ്ടുവരി എന്നീ സംഭാവനകൾ നൽകിയിട്ടില്ലങ്കിൽ എത്രയും വേഗത്തിൽ നൽകി സഹായിക്കണം. എല്ലാവരുടേയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ഉണ്ടങ്കിലെ ഇടവക സന്ധാരണം സാദ്ധ്യമാകുകയുള്ളു. കഴിഞ്ഞ നാളുകളിൽ ഇടവകയുടെ പ്രവർത്തനങ്ങളിൽ അകമഴിഞ്ഞു സഹായിച്ച ഏവരോടും സ്നേഹവും, കടപ്പാടും, നന്ദിയും ഈ സമയത്ത് രേഖപ്പെടുത്തുന്നു. പുതിയ സാമ്പത്തികവർഷവും വളരെ താൽപര്യപൂർവ്വം ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും ഏവരും പങ്കാളികളാകുവാൻ പരിശ്രമിക്കണം. ദൈവത്തിൻെറ ധാരാളമായ അനുഗ്രഹങ്ങൾ നിങ്ങൾക്ക് ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വലിയ നോമ്പിൻെറ ഏറ്റവും പ്രധാനപ്പെട്ട ദിനങ്ങളിലേക്കാണു നാം പ്രവേശിച്ചിരിക്കുന്നത്. ഒന്നാം ആഴ്ച "ക്രൂശ് ശിഷ്യത്വത്തിൻെറ നവമാതൃക" എന്ന വിഷയമാണ് ധ്യാനിക്കുന്നത്. ക്രൂശ് ശിഷ്യത്വത്തിൻെറ മുഖമുദ്രയാണ്. ക്രൂശ് എടുത്ത് അനുഗമിക്കാതെ ശിഷ്യൻ ആയിരിക്കാൻ ആർക്കും കഴിയുകയില്ല. മനുഷ്യൻെറ സകല പാപങ്ങളും ഏറ്റെടുത്ത് പരിഹരിക്കയും രക്ഷയുടെ സന്തോഷം തിരികെ നൽകുകയും ചെയ്യുന്ന ക്രൂശ് പകരം വെയ്ക്കാനില്ലാത്ത ദൈവത്തിൻെറ രക്ഷണ്യ പദ്ധതിയുടെ പൂർണ്ണതയാണ്. ഇവിടെ നാം ദർശിക്കുന്നത് സഹനവും, ത്യാഗവും, സ്നേഹവും മുഖമുദ്രയാക്കിയ ക്രിസ്തുവിൻെറ ജീവിതദൗത്യപൂർത്തീകരണമാണ്. ക്രൂശ് എടുത്ത് ക്രിസ്തുവിനെ അനുഗമിച്ചാൽ രക്ഷയുടെ സന്തോഷം നമുക്ക് അനുഭവിക്കാൻ കഴിയും.

ഏപ്രിൽ 12 നാൽപതാം വെള്ളിയാഴ്ച "പരീക്ഷകളെ അതിജീവിച്ച കർത്താവ്" എന്നതാണ് ചിന്താവിഷയം. തനിക്ക് വേണ്ടി, തൻെറ സ്വാർത്ഥതയ്ക്കു വേണ്ടി കല്ലിനെ അപ്പം ആക്കാനുള്ള പ്രലോഭനവും, എളുപ്പം പ്രശസ്തനാകാൻ ഉള്ള പരീക്ഷണവും, തിന്മയോട് അനുരഞ്ജനപ്പെടാനുള്ള പ്രലോഭനവും യേശു വളരെ ധീരതയോടെ അഭിമുഖീകരിക്കുന്നു. ഇവിടെ യേശു എല്ലാ തിന്മശക്തികളുടെയും പരീക്ഷണങ്ങളെ അതിജീവിച്ച് വിജയക്കൊടി പാറിക്കുന്നു. തുടർന്ന് ഹാശാ ആഴ്ചയിലേക്ക് നാം പ്രവേശിക്കുന്നു. ആദ്യദിനം ഹോശന്ന, "കർത്താവേ ഞങ്ങളെ രക്ഷിക്ക" എന്ന വിഷയമാണ് ധ്യാനിക്കുന്നത്. ഒരു രക്ഷകനു വേണ്ടി, മിശിഹായ്ക്ക് വേണ്ടി, വിടുതലിനായി കാത്തിരുന്ന യഹൂദജനത്തിനു പ്രതീക്ഷ നൽകുന്ന അനുഭവമായിരുന്നു ഹോശന്നാ അഥവാ കർത്താവിൻെറ രാജകീയ എഴുന്നള്ളത്ത്. റോമൻ ആധിപത്യത്തിൽ നിന്നും വിടുതൽ ആഗ്രഹിച്ച് സ്വാതന്ത്ര്യത്തിനായി കാത്തിരുന്ന ജനത്തിനു ആവേശം പകരുന്ന സംഭവമായിരുന്നു ഹോശന്ന. നമുക്കും യേശുവിനെ ഹൃദയസിംഹാസനത്തിൽ രാജാവായി വരവേൽക്കാം.

പെസഹാവ്യാഴം വിശുദ്ധ കുർബാന ക്രിസ്തുവിൻെറ സഹനത്തിൽ ഉള്ള കൂട്ടായ്മ. സഹനത്തിൻെറ ഉദാത്തമാർഗ്ഗം ക്രിസ്തുവിലൂടെയാണു ലോകം ദർശിക്കുന്നത്. എല്ലാ പീഡനങ്ങളും, കഷ്ടതകളും സ്വയം ഏറ്റെടുത്ത് മരണത്തോളം, കുരിശ്മരണത്തോളം അനുസരണയോടെ സഹനത്തിൻെറ പാതയിൽ മുന്നേറിയവനാണ് നമ്മുടെ കർത്താവ്. ക്രൂശ് സ്വയം ഏറ്റെടുക്കുന്ന ക്രിസ്തുവിൻെറ ജീവിതശൈലി, അത് ഏവരേയും അതിശയിപ്പിക്കുന്നത് തന്നെയാണു. ഏപ്രിൽ 19 'ദുഖവെള്ളി' "ക്രൂശ് രക്ഷയുടെ സാക്ഷാത്കാരം" എന്നതാണ് ധ്യാനവിഷയം. ത്യാഗം ബലഹീനതയായി കാണുന്നവർക്ക് ക്രൂശ് ബലഹീനതയുടെ ഒരു അടയാളമാണ്. എന്നാൽ പരമമായ ത്യാഗമാണ്, പരമമായി വിജയം എന്ന് ചരിത്രം ഉദ്ഘോഷിക്കുന്നു. ജ്ഞാനം അന്വേഷിക്കുന്ന യവനന്മാർക്ക് ക്രൂശ് ഭോഷത്വത്തിൻെറ അടയാളമായി തോന്നിയിരിക്കാം. എന്നാൽ ലോകത്തെ രക്ഷിക്കുന്നത് ജ്ഞാനം അല്ല. ക്രിസ്തുവിൻെറ കാൽവറിയിലെ ബലിമരണമാണ് ലോകത്തിൻെറ പാപത്തിനു പരിഹാരം തേടി ഒരാൾ കുരിശിൽ മരിക്കുക എന്നത് ശുദ്ധഭോഷത്വം ആയിട്ടാണ് യവനന്മാർ കരുതിയിരുന്നത്. യേശു ക്രൂശിക്കപ്പെട്ടത് നമുക്ക് ഒരോരുത്തർക്കും വേണ്ടിയാണ് എന്ന സത്യം നാം വിശ്വസിക്കുകയും ഉൾക്കൊള്ളുകയും ചെയ്താൽ അത് രക്ഷയ്ക്ക് കാരണമായിത്തീരും. അതാണ് വി.പൗലോസ് ധീരതയോടെ പറയുന്നത് 'ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു' എന്നുള്ള വസ്തുത.

ഉയർപ്പ്പെരുന്നാൾ ചരിത്രത്തിലെ ഏറ്റവും നിസ്തുലമായ മഹത്സംഭവം. ഈ ദിനം മാനവജാതിക്ക് പുത്തൻ പ്രതീക്ഷയുടെ സുദിനം കൂടിയാണ്. മരണം എന്ന ശത്രുവിനെ കീഴടക്കി പുനരുത്ഥാനത്തിൻെറ ശക്തി പ്രദാനം ചെയ്ത പുണ്യദിനം. ഇന്ന് നാമായിരിക്കുന്ന എല്ലാ അടിമത്വഘടനകളിൽ നിന്നുമുള്ള ഉയർത്തെഴുന്നേൽപ്പ് ആണ് ഇവിടെ പ്രഖ്യാപിക്കുന്നത്. യേശുവിൻെറ കല്ലറവാതുക്കൽ ഉരുട്ടിവച്ച കല്ലു പോലെ ഇന്ന് പലതും നമ്മുടെ ജീവിതത്തെ ഞെരുക്കുന്നുണ്ടാവാം. ശക്തിയുടെ പ്രതീകമായ റോമൻമുദ്ര കല്ലിന്മേൽ പതിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ക്രിസ്തുവിൻെറ പുനരുത്ഥാനത്തിൻെറ ശക്തിയെ വെല്ലുവാൻ ഒരു ശക്തിക്കും കഴിയുകയില്ല എന്ന സത്യം ചരിത്രം തെളിയിച്ചിരിക്കുന്നു. ഉയർപ്പ് മനുഷ്യവർഗ്ഗത്തിനു പുത്തൻ ആവേശവും ചൈതന്യവും പ്രദാനം ചെയ്തിരിക്കുന്നു. സാത്താൻെറ ശക്തികളിൽ നിന്നും മനുഷ്യവർഗ്ഗത്തെ വിമോചിപ്പിച്ച് ജീവൻെറ വെളിച്ചത്തിലേക്ക് ക്രിസ്തു മാനവകുലത്തെ കൈപിടിച്ചുയർത്തിയിരിക്കുന്നു. ആയതിനാൽ ഉയർപ്പ് ഒരു പെരുന്നാൾ ആണ്. ഏവർക്കും ആഘോഷത്തിൻെറ സുദിനമാണ്. തുടർന്ന് വരുന്ന ആഴ്ച പുതുഞായർ, "സഭയുടെ വിശ്വാസപ്രഖ്യാപനം" എന്ന വിഷയമാണ് ധ്യാനിക്കുന്നത്. "എൻെറ കർത്താവും എൻെറ ദൈവവുമേ" എന്ന് പരസ്യമായി പ്രഖ്യാപിച്ച ധീരനാണ് വിശുദ്ധ തോമസ് അപ്പോസ്തോലൻ. തൻെറ സംശയങ്ങൾ ദൂരീകരിച്ച് യുക്തിപൂർവ്വം, വിവേകത്തോടെ കാര്യങ്ങൾ അന്വേഷിച്ച് സത്യം കണ്ടെത്തിയ വിശുദ്ധനാണ് തോമസ് അപ്പോസ്തലൻ. കളങ്കമില്ലാത്ത സത്യത്തിൻെറ ആൾരൂപമാണ് വിശുദ്ധ തോമസ് അപ്പോസ്തലൻ. കർത്താവിനു വേണ്ടി ബലി ആകാൻ സദാ സന്നദ്ധത കാണിച്ച ധീരനായ ശിഷ്യൻ. ഈ വിശ്വാസം നമുക്കും പിന്തുടരാം. ക്രിസ്തുവിൻെറ സാക്ഷികളായി അവൻ നമ്മെ ഏൽപ്പിച്ച വലിയ ദൗത്യം, ഭൂമിയുടെ അറ്റത്തോളം പോയി സുവിശേഷം പങ്കുവയ്ക്കുന്ന ആ ദൗത്യത്തിൽ നമുക്കും പങ്കാളികളാകാം.

അതിനു ദൈവം നമ്മെ എല്ലാവരേയും പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com